11. ശുദ്ധജലവിതരണ പദ്ധതികൾ

ശ്രീ. രാജു എബ്രഹാം : സർ, നാല് കുടിവെള്ള വിതരണപദ്ധതി കളിലൊന്ന്, അങ്ങാടി-പെരുമ്പട്ടിയാണ്. എസ്.എൽ.എസ്.സി. പസ്സാക്കിയെ കിലും വാട്ടർ അതോറിട്ടി ചെയർമാന്റെ പക്കൽ നിന്നും ആ ഫയൽ നീങ്ങാത്ത ഒരവസ്ഥയാണ്. 40 എൽ.പി.സി.യിൽ താഴെയുള്ള പ്രദേശമാണ് അങ്ങാടി-പെരുനാട്ടി സ്കീം. ആ തടസ്സം മാറ്റാൻ ഗവൺമെന്റ് അടിയന്തരമായി ഇടപെടണം. രണ്ടാമതത്, നിലയ്ക്കൽ ആണ്. ശബരിമലയിലെ നിലയ്ക്കൽ എത്തുന്ന തീർത്ഥാടകർക്കുവേണ്ടി പ്ലാൻ ചെയ്തതാണ്. അതിന്റെ ഒന്നാംഘട്ടം മാത്രമേ അനുവദിച്ചിട്ടുള്ളൂ. തുടർ നടപടികൾ, അടുത്ത സീസണിനുമുൻപ് പണിയാരംഭിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയണം. അടുത്തതായി കൊല്ലമുളയാണ്. ഇവിടെ ഫണ്ട് അനുവദിച്ചെങ്കിലും മറ്റു നടപടികളിലേക്കൊന്നും കാര്യമായി പോകുന്നില്ല. പിന്നെയുള്ളത് ചെറുകോൽ ആണ്. പ്രസ്തുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ തുടങ്ങിയെങ്കിലും ഇൻവെസ്റ്റിഗേഷൻ വിംഗ് ഇപ്പോൾ പ്രോജക്ടിൽ വയിപ്പിച്ചതുകൊണ്ട് കാര്യങ്ങൾക്ക് അൽപ്പം തടസ്സം വന്നിരിക്കുകയാണ്. ഞാൻ നേരത്തെ ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞിരുന്നു. അവരെ ഇൻഡിപെൻഡന്റായി പ്രോജക്ടിന്റെ കീഴിൽതന്നെ നിർത്തുക. ഇൻഡിപെൻഡന്റ് ആയിട്ടുള്ള ചുമതല കൊടുത്തില്ലെങ്കിൽ കേരളത്തിലെ എല്ലാ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളും മന്ദീഭവിക്കും. അതിന് മുൻകയ്യെടുക്കണ മെന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, അങ്ങാടി-പെരുനാട്ടി വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതിക്ക് 29.5 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പരിശോധിച്ചുവരികയാണ്. എരുമേലി ശുദ്ധജലവിതരണപദ്ധതിയുടെ ശുദ്ധീകരണശാല മുതൽ കൊല്ലമുള വില്ലേജിലെ വെൺകുറിഞ്ഞി വരെയുള്ള പൈപ്പ് ലൈനിന്റെ ടെൻഡർ പൂർത്തിയായി കരാർ നൽകിയിരിക്കുകയാണ്. പൈപ്പുകൾ ലഭ്യമാകുന്നമുറയ്ക്ക് അത് സമാരിക്കുന്നതാണ്. വെൺകുറിഞ്ഞിയിലെ ജലസംഭരണി പമ്പുഹൗസ് എന്നിവയുടെയും വെൺകുറിഞ്ഞിയിൽ നിന്നും പാമ്പിരിക്കുംപാറവരെയുള്ള പമ്പിംഗ് ലൈനിന്റെയും ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഓലിക്കൽ ജലസംഭരണിയുടെയും തലമുട്ടിയാന വരെയുള്ള പമ്പിംഗ് ലൈനിന്റെയും തലമുട്ടിയാനയിലെ ജലസംഭരണിയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. നിലയ്ക്കൽ ശുദ്ധജലവിതരണ പദ്ധതിയുടെ കിണർ, ജലശുദ്ധീകരണശാല എന്നിവയുടെ നിർമ്മാണത്തിനായി നബാർഡ് മുഖേന 9 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ജലശുദ്ധീകരണശാലയ്ക്കുവേണ്ട സ്ഥലം ഇതു അതോറിറ്റിക്ക് കൈമാറിയിട്ടില്ല. കിണറിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എത്രയുംപെട്ടെന്ന് ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കാമെന്ന് പ്രതീക്ഷിക്കുന്നു. ചെറുകോൽ, നാരങ്ങാനം എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള പദ്ധതികളുടെ സർവ്വേ നടന്നുവരുന്നു. അഞ്ചു മാസത്തിനുള്ളിൽ സർവ്വേ പൂർത്തിയാക്കി പദ്ധതി മുഖവൽക്കരിക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. അടുത്തുവരുന്ന എസ്.എൽ.എസ്..സി.യിൽ പദ്ധതി അംഗീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ്.

12. ട്രീറ്റ്മെന്റ് പ്ലാന്റും പമ്പിംഗ് ഹൗസും

ശ്രീ. പി. റ്റി. എ. റഹീം : സർ, കോഴിക്കോട് ജപ്പാൻ കുടിവെള്ള പദ്ധതി, കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകൾക്കുംവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ്. അത് കമ്മീഷൻ ചെയ്യാൻ പോകുയാണ്. നിലവിൽ കോഴിക്കോട് കോർപ്പറേഷനിലേക്ക് വെള്ളം കൊണ്ടുവരുന്നത് മാവൂർ-ചാത്തമംഗലം പഞ്ചായത്തുകളിലുള്ള സംവിധാനങ്ങളിൽ നിന്നാണ്. എന്റെ നിയോജകമണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിൽ മാവൂർ-ചാത്തമംഗലം പഞ്ചായത്തുകൾ മാത്രമാണ് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടാത്തത്. എന്നാൽ ഈ പഞ്ചായത്തുകളിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നാണ് കോഴിക്കോട് കോർപ്പറേഷനിലേക്ക് ഇപ്പോൾ വെള്ളം കൊണ്ടുപോകുന്നത്. 2040 വരെ കോഴിക്കോട് കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകൾക്കും ആവശ്യമായ വെള്ളം ജപ്പാൻ കുടിവെള്ളപദ്ധതിയനുസരിച്ച് ലഭ്യമാകുമെന്ന് കണക്കാക്കിയിട്ടുള്ള സാഹചര്യത്തിൽ ചാത്തമംഗലം-മാവൂർ പഞ്ചായത്തുകളിൽ നിലവിലുള്ള സംവിധാനം ഈ രണ്ടുപഞ്ചായത്തുകൾക്കുംവേണ്ടി ഉപയോഗിക്കണമെന്ന എന്റെ ആവശ്യം ഉന്നയിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, കോഴിക്കോട് നഗരത്തിന്റെയും സമീപപഞ്ചായത്തുകളിലെയും ശുദ്ധജലക്ഷാമത്തിന് പരിഹാരമെന്ന നിലയിൽ രൂപകൽപ്പന ചെയ്യപ്പെട്ടതാണ് ജൈക്ക സഹായത്തോടെയുള്ള കോഴിക്കോട് ശുദ്ധജലവിതരണ പദ്ധതി. കോഴിക്കോട് കോർപ്പറേഷനും ബാലുശ്ശേരി, നന്മണ്ട, നരിക്കുന്ന്, കാക്കൂർ, ചേളന്നൂർ, കക്കോടി, തലക്കുളത്തൂർ, കരിവട്ടൂർ, കുന്നമംഗലം, പെരുവയൽ, പെരുമണ്ണ, ഒളവണ്ണ, കടലുണ്ടി എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയാണ് പദ്ധതി പ്ലാൻ ചെയ്തിരിക്കുന്നത്. ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിനായി 246 എം.എൽ.ഡി. വെള്ളമാണ് ആവശ്യമുള്ളത്. അതിലിപ്പോൾ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന പെരുമണ്ണാമുഴിയിലെ ശുദ്ധീകരണശാലയിൽ നിന്ന് ലഭിക്കുന്ന 174 എം.എൽ.ഡി. ജലവും നിലവിൽ കോഴിക്കോട് നഗരത്തിന് ഇപ്പോൾ കുടിവെള്ളം നൽകിവരുന്ന മാവൂരിലെ കുളിമാടിൽ നിന്നു ലഭിക്കുന്ന 72 എം.എൽ.ഡി. ജലവും കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് ജൈക്ക പദ്ധതിയിലെ പ്രദേശത്ത് ശുദ്ധജലവിതരണം ചെയ്യേണ്ടത്. ഇതിന്റെ ഭാഗമായി മാവൂർ-കുളിമാടുള്ള ശുദ്ധീകരണശാലയുടേയും പൈപ്പ് ലൈനുകളുടെയും മറ്റും പുനരുദ്ധാരണ പ്രവൃത്തിയും ജൈക്ക പദ്ധതിയുടെ ഭാഗമായി നടന്നുവരുന്നു. മാവൂർ, ചാത്തമംഗലം എന്നീ പഞ്ചായത്തുകളിൽ ജൈക്ക പദ്ധതിയുടെ ഭാഗമായ കുളിമാട് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്ന് ശുദ്ധജലം വിതരണം ചെയ്യുകയാണെങ്കിൽ ജൈക്ക പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ജൈക്ക പദ്ധതി വന്നുകഴിഞ്ഞാലും കുടിവെള്ളക്ഷാമം തീരുകയില്ല. ആയതിനാൽ ചാത്തമംഗലം പഞ്ചായത്തിലെ കുളിമാടിൽ നിലവിലുള്ള പ്ലാന്റും

LIBRARY ARCHIVES Kerala Legislative Assembly